**മേലെഴുത്ത് കത്ത് നം.എ5/70/2017-റ്റിസി തീയതി 20-07-2017**

നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ എം എൽ എമാർ പങ്കെടുക്കേണ്ട യോഗങ്ങൾ വിളിച്ചു ചേർക്കാൻ പാടില്ലെന്ന നിർദ്ദേശം നൽകുന്നതുമായി ബന്ധപ്പെട്ട് 18-05-2017ലെ പാകാവ/എ2/56/2017-പാ.കാ.വ നമ്പർ സർക്കാർ പരിപത്രം എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെയും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും, എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും അറിവിലേക്കും, മേൽനടപടിക്കുമായി ഇതോടൊപ്പം അയക്കുന്നു. നിയമസഭാസമ്മേളനം നടക്കുന്ന കാലയളവുകളിൽ യോഗങ്ങൾ വിളിച്ചു ചേർക്കുമ്പോൾ ഈ പരിപത്രത്തിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഷിബു ഐസക്
ജോയിന്റ് സെക്രട്ടറി റ്റു ഗവൺമെന്റ് &
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

-1- C-32320/2017

TRANSPORT COMMISSIONERATE KERALA
INWARD No:
RECEIVED ON 26 MAY 2017

കേരള സർക്കാർ

നം. പാകാര്യ/എ2/56/2017-പാ.കാ.വ

A5

പാർലമെന്ററികാര്യ (എ) വകുപ്പ്
തിരുവനന്തപുരം
തിയതി : 18/05/2017

## സർക്കുലർ

വിഷയം: പാർലമെന്ററികാര്യ വകുപ്പ് - നിയമസഭാ സമ്മേളനം നടക്കുന്ന വേളയിൽ എം.എൽ.എ മാർ പങ്കെടുക്കേണ്ട യോഗങ്ങൾ വിളിച്ചു ചേർക്കാൻ പാടില്ലെന്ന നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്

നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ എം.എൽ.എമാർ പങ്കെടുക്കേണ്ട യോഗങ്ങളോ കോൺഫറൻസുകളോ വിളിച്ചു ചേർക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശങ്ങൾ നിലനിൽക്കുമ്പോൾ തന്നെ ആയതിനു വിരുദ്ധമായി പല വകുപ്പു മേധാവികളും ജില്ലാ മേധാവികളും വിവിധ യോഗങ്ങൾ വിളിച്ചു ചേർക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ നിയമസഭാ സാമാജികർ പങ്കെടുക്കേണ്ട യാതൊരു യോഗങ്ങളും കോൺഫറൻസുകളും സർക്കാർ തലത്തിലോ വകുപ്പ് തലത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ വിളിച്ചു ചേർക്കുന്നില്ലായെന്ന് എല്ലാ ജില്ലാ കളക്ടർമാരും വകുപ്പ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും ബന്ധപ്പെട്ട സെക്രട്ടറിമാർ കർശന നിർദ്ദേശം നൽകേണ്ടതാണ്.

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും

പകർപ്പ്:

സെക്രട്ടറി കേരള നിയമസഭാ സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക്
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി